നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കെ. എസ്. ആർ. ടി. സി. ഷോപ്പിംഗ് കോംപ്ലക്സുകൾ

79 [2948] ശ്രീ. സി. ടി. അഹമ്മദ് അലി:
,, യു. സി. രാമൻ:
,, ചെർക്കളം അബ്ദുള്ള:
,, കെ. എൻ. എ. ഖാദർ:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഷോപ്പിംഗ് കോംപ്ലക്സുകൾ പണിതിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര എണ്ണം എന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പുതിയ ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ഡി) ഓരോന്നിനും എന്തു തുക വീതം ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. കാസർഗോഡ്, മലപ്പുറം, അങ്കമാലി, മൂവാറ്റുപുഴ, അട്ടക്കുളങ്ങര (തിരുവനന്തപുരം), കാട്ടാക്കട, പാല, കൊട്ടാരക്കര, പേരൂർക്കട, കരുനാഗപ്പള്ളി, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഷോപ്പിംഗ് കോംപ്ലക്സുകളുടെ രൂപകൽപ്പന പൂർത്തിയാക്കി അടങ്കൽ തുക തീരുമാനിച്ചാലേ കൃത്യമായ ചെലവ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

കെ. എസ്. ആർ. ടി. സി. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ

80 [2949] ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, കെ. ബാബു:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യുടെ ഭൂമിയിൽ എവിടെയെല്ലാം ഷോപ്പിംഗ് കോംപ്ലക്സുകൾ ആരംഭിക്കുവാനുദ്ദേശമുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്നത്തേയ്ക്ക് ഇവയുടെ പണികൾ പൂർത്തിയാക്കുവാനാണുദ്ദേശിക്കുന്നത്;

(സി) ഒരു ഷോപ്പിംഗ് കോംപ്ലക്സിന് ചെലവാകുന്ന തുക എത്ര വർഷം കൊണ്ട് തിരിച്ചുകിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) കാസർഗോഡ്, മലപ്പുറം, അങ്കമാലി, മൂവാറ്റുപുഴ, തിരുവനന്തപുരം (അട്ടകുളങ്ങര), കാട്ടാക്കട, പാല, കൊട്ടാരക്കര, പേരൂർക്കട, കരുനാഗപ്പള്ളി, കോഴിക്കോട് എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രാരംഭ നടപടികൾ ആയിട്ടേ ഉള്ളൂ. നിർമ്മാണ ജോലികൾ തുടങ്ങുന്ന ഘട്ടം ആയിട്ടില്ല.

(സി) നിശ്ചിത സമയത്തിനുള്ളിൽ നിർമ്മാണ ജോലികൾ പൂർത്തിയാക്കിയാൽ അഞ്ചു വർഷത്തിനുള്ളിൽ ചെലവാകുന്ന തുക തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ്

81 [2950] ശ്രീ. കെ. എ. ചന്ദ്രൻ:
,, വർക്കല കഹാർ:
,, ജോർജ്ജ് ജെ. മാത്യു:
,, കെ. സുധാകരൻ:
,, കെ. മോഹൻകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് എർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) കെ. എസ്. ആർ. ടി. സി.-യുടെ വാഹനങ്ങൾമൂലമുണ്ടായ അപകടങ്ങളിൽ നഷ്ടപരിഹാരമായി 31-5-2005-ലെ കണക്കനുസരിച്ച് എന്തു തുക കൊടുക്കാനുണ്ട്;

(ഡി) കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് എർപ്പെടുത്തുന്നപക്ഷം പ്രീമിയം ഇനത്തിൽ എന്തു തുക കൊടുക്കേണ്ടതായി വരും എന്നു കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഇപ്പോൾ നിലവിലില്ല.

(ബി) പൊതുമേഖല ഇൻഷ്വറൻസ് കമ്പനികൾ കെ. എസ്. ആർ. ടി.സി. ബസ്സുകൾ ഇൻഷ്വർ ചെയ്യാൻ തയ്യാറാകാത്തതുകൊണ്ട്.

(സി) 18.98 കോടി രൂപയും അതിൻമേലുള്ള പലിശയും.

(ഡി) ഉണ്ട്. 11.67 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly